2024 JANUARY
12
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സർക്കാർ മേഖലയിൽ ആദ്യമായി കാൻസറിന് റോബോട്ടിക് സർജറി

**തിരുവനന്തപുരം:** സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യാഥാർത്ഥ്യമാകുന്നു. ഇന്ത്യയിലും വിദേശത്തുമുള്ള വൻകിട ആശുപത്രികളിൽ മാത്രം ലഭ്യമായിരുന്ന റോബോട്ടിക് സർജറി യൂണിറ്റ് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിക്കുന്നു. ആർസിസിയിൽ പ്രവർത്തനസജ്ജമായ റോബോട്ടിക് സർജറി യൂണിറ്റ്, ഹൈപെക് ചികിത്സാ സംവിധാനം, പേഷ്യന്റ് വെൽഫെയർ ആന്റ് സർവീസ് ബ്ലോക്ക്, ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിംഗ് സംവിധാനം എന്നിവയുടെ ഉദ്ഘാടനം ജനുവരി 15ന് രാവിലെ 11.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി രോഗനിർണയവും ചികിത്സയും കൂടുതൽ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായാണ് ആർ.സി.സി.യിലും എം.സി.സി.യിലും റോബോട്ടിക് സർജറി സംവിധാനവും (60 കോടി), ഡിജിറ്റൽ പത്തോളജി മികവിന്റെ കേന്ദ്രങ്ങളും (18.87 കോടി) സജ്ജമാക്കുന്നതിന് റീബിൾഡ് കേരള ഇനിഷ്യേറ്റീവിലൂടെ തുകയനുവദിച്ചത്. എം.സി.സി.യിലും റോബോട്ടിക് സർജറി ഉടൻ പ്രവർത്തന സജ്ജമാകുന്നതാണ്. അപ്രാപ്യമായിരുന്ന ഹൈടെക് ചികിത്സാ സങ്കേതങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.ഒരു പ്രത്യേക തരം മിനിമൽ ആക്സസ് ശസ്ത്രക്രിയയാണ് റോബോട്ടിക് സർജറി. ഇത് സർജിക്കൽ റോബോട്ടിന്റെ സഹായത്തോടു കൂടിയാണ് നടത്തുന്നത്. വിവിധ തരത്തിലുള്ള കാൻസറുകളുടെ ചികിത്സയ്ക്ക് റോബോട്ടിക് ശസ്ത്രക്രിയ ഫലപ്രദമാണ്. രോഗിയുടെ വേദന കുറയ്ക്കുക, എത്രയും വേഗത്തിൽ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടു വരിക, ശസ്ത്രക്രിയയ്ക്കിടയിലുള്ള രക്തസ്രാവം ഏറ്റവും നന്നായി കുറയ്ക്കാൻ സാധിക്കുക എന്നിവയൊക്കെയാണ് റോബോട്ടിക് ശസ്ത്രക്രിയയുടെ പ്രധാന ഗുണങ്ങൾ.ശസ്ത്രക്രിയാ വേളയിൽ തന്നെ കാൻസർ ബാധിത ഭാഗത്ത് കീമോതെറാപ്പി നൽകാൻ കഴിയുന്ന 1.32 കോടി രൂപ ചെലവഴിച്ചുള്ള ഹൈപെക് അഥവാ ഹൈപ്പർ തെർമിക് ഇൻട്രാ പെരിറ്റോണിയൽ കീമോതെറാപ്പി ചികിത്സാ സംവിധാനവും ആർ.സി.സിയിൽ സജ്ജമാക്കിയിട്ടുണ്ട്. രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായാണ് പേഷ്യന്റ് വെൽഫയർ ആന്റ് സർവീസ് ബ്ലോക്ക് സജ്ജമാക്കിയത്.

### അന്താരാഷ്ട്ര സംഘടനകൾ ഇന്ത്യയെ ഇഎംഇ യായി അംഗീകരിച്ചു

## ഇന്ത്യയുടേത് അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥ

**ന്യൂഡൽഹി:** ലോകത്തിൽ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥകളിൽ ഒന്നായി ഇന്ത്യ തുടരുന്നുവെന്ന് ധനമന്ത്രാലയത്തിന് കീഴിലുള്ള സാമ്പത്തിക കാര്യ വകുപ്പിന്റെ വർഷാന്ത്യ അവകലോകനം.ലോകബാങ്കും ഐഎംഎഫും പോലെയുള്ള അന്താരാഷ്ട്ര സംഘടനകൾ ഇന്ത്യയെ ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന വിപണി സമ്പദ് വ്യവസ്ഥ(ഇഎംഇ)യായി അംഗീകരിച്ചിട്ടുണ്ട്.2023 ഏപ്രിൽ-ജൂൺ പാദത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ച 7.8 ശതമാനമായിരുന്നു.ഇന്ത്യയെ 5 ട്രില്യൺ ഡോളർ സമ്പദ്വ്യവസ്ഥയാക്കുന്നതിനുള്ള കർമപദ്ധതി പ്രാബല്യത്തിൽ വരുത്തിക്കൊണ്ട്, ഗവൺമെന്റ് സ്ഥൂല തലത്തിലുള്ള വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും സൂക്ഷ്മതലത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന ക്ഷേമം, ഡിജിറ്റൽ സമ്പദ്വ്യവസ്ഥ, ഫിൻടെക്, സാങ്കേതികവിദ്യ പ്രാപ്തമാക്കിയ വികസനം, ഊർജ പരിവർത്തനം എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്നും അവലോകന റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കുന്നതിനും സ്വകാര്യമേഖലയിൽ നിന്ന് നിക്ഷേപം ആകർഷിക്കുന്നതിനുമായുള്ള, കാപെക്സ് നയിക്കുന്ന വളർച്ചാ തന്ത്രത്തിലും കേന്ദ്രസർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചു. മൂന്ന് വർഷങ്ങളിൽ മൂലധന നിക്ഷേപ ചെലവ് ഗണ്യമായി വർദ്ധിപ്പിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ മൂലധനച്ചെലവ് 202021ൽ ജിഡിപിയുടെ 2.15 ശതമാനത്തിൽ നിന്ന് 2022-23ൽ ജിഡിപിയുടെ 2.7 ശതമാനമായി ഉയർന്നു.അത്തരം നേട്ടങ്ങൾക്ക് ഊർജം പകരാൻ, ധീരവും പ്രധാനപ്പെട്ടതുമായ നിരവധി സാമൂഹികസാമ്പത്തിക പരിഷ്കാരങ്ങൾക്ക് ഗവൺമെന്റ് അക്ഷീണം പ്രയത്നിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. മൊത്തത്തിലുള്ള വികസന പ്രക്രിയയിൽ പാർശ്വവൽക്കരിക്കപ്പെട്ടവരും ഇതുവരെ സാമൂഹികമായും സാമ്പത്തികമായുംഅവഗണിക്കപ്പെട്ടതുമായ വിഭാഗങ്ങളെ ഉൾക്കൊള്ളുന്ന മനോഭാവത്തോടെയാണ് കേന്ദ്രസർക്കാർ പരിഷ്കരണ യജ്ഞം ഏറ്റെടുത്തിരിക്കുന്നതെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.2022-23 ലെ കേന്ദ്ര ബജറ്റിൽ, 2022-23 ലെ ഗവൺമെന്റിന്റെ മൊത്തത്തിലുള്ള വിപണി വായ്പകളുടെ ഭാഗമായി, ഹരിത അടിസ്ഥാന സൗകര്യങ്ങൾക്കായി വിഭവങ്ങൾ സമാഹരിക്കുന്നതിന് സോവറിൻ ഗ്രീൻ ബോണ്ടുകൾ നൽകുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. ഇതിൽനിന്നുള്ള വരുമാനം സമ്പദ് വ്യവസ്ഥയുടെ കാർബൺ തീവ്രത കുറയ്ക്കാൻ സഹായിക്കുന്ന മേഖലാ പദ്ധതികളിൽ വിന്യസിക്കും.2023ൽ സോവറിൻ ഗ്രീൻ ബോണ്ടുകൾ വിതരണം ചെയ്യുന്നതിലൂടെ ഗവൺമെന്റ് 16,000 കോടി രൂപ സമാഹരിച്ചു, ഈ വരുമാനം പുതിയതും പുനരുപയോഗിക്കാവുന്നതുമായ ഊർജം, പരിസ്ഥിതി, വനംകാലാവസ്ഥാ വ്യതിയാനം, ഭവന നിർമ്മാണം, നഗരകാര്യങ്ങൾ, റെയിൽവേ തുടങ്ങിയ മന്ത്രാലയങ്ങളുടെയോ വകുപ്പുകളുടെയോ അർഹമായ പദ്ധതികൾക്കായി നീക്കിവച്ചു. 202324 സാമ്പത്തിക വർഷത്തിൽ സോവറിൻ ഗ്രീൻ ബോണ്ടുകൾ ഇഷ്യൂ ചെയ്യുന്നതിലൂടെ 20,000 കോടി രൂപ സമാഹരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു.

## സീറോ മലബാർ സഭ മാർ റാഫേൽ തട്ടിൽ സ്ഥാനാരോഹണം ചെയ്തു

**കൊച്ചി:** സീറോ മലബാർ സഭയുടെ പുതിയ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട മേജർ ആർച്ച് ബിഷപ്പ് റാഫേൽ തട്ടിലിന്റെ സ്ഥാനാരോഹണം നടന്നു.കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന ചടങ്ങിൽ ദൈവാലയത്തിൽനിന്ന് ആരംഭിച്ച പ്രദിക്ഷണത്തോടെയാണ് സ്ഥാനാരോഹണച്ചടങ്ങുകൾക്ക് തുടക്കമായത്. സഭാ അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പുതിയ മേജർ ആർച്ച്ബിഷപ്പിനെയും സിനഡ് മെത്രാന്മാരെയും പ്രതിനിധികളായെത്തിച്ചേർന്ന എല്ലാവരെയും സ്വാഗതം ചെയ്തു. സഭാ സിനഡ് തെരഞ്ഞെടുത്ത മാർ റാഫേൽ തട്ടിലിനെ മേജർ ആർച്ച്ബിഷപ്പായി സ്ഥിരീകരിച്ചുകൊണ്ടുള്ള ഫ്രാൻസിസ് മാർപാപ്പയുടെ കത്ത് മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ വായിച്ചു. സ്ഥാനാരോഹണതിരുകർമ്മങ്ങൾക്ക് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ കാർമികത്വം വഹിച്ചു. മേജർ ആർച്ച്ബിഷപ്പിന്റെ സ്ഥാനചിഹ്നങ്ങളായ അംശവടിയും മുടിയും സ്വീകരിച്ച് ഔദ്യോഗിക പീഠത്തിൽ ഇരുന്നതോടെ മാർ റാഫേൽ തട്ടിൽ പിതാവ് സീറോമലബാർസഭയുടെ നാലാമത് മേജർ ആർച്ച്ബിഷപ്പായി സ്ഥാനാരോഹണം ചെയ്തു.തുടർന്ന് പുതിയ മേജർ ആർച്ച്ബിഷപ്പിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് ദൈവാനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞു. ശേഷം നടന്ന അനുമോദനസമ്മേളനത്തിൽ കെ.സി.ബി.സി. പ്രസിഡന്റും മലങ്കര കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനുമായ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവ, സി.ബി.സി.ഐ. പ്രസിഡന്റും തൃശൂർ അതിരൂപതാ മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത്, ലത്തീൻ സഭയെ പ്രതിനിധീകരിച്ച് കണ്ണൂർ



ബിഷപ് അലക്സ് വടക്കുംതല, ഇന്റർ ചർച്ച് കൗൺസിൽ സെക്രട്ടറി ആർച്ച്ബിഷപ് മാർ ഔഗിൻ കുര്യാക്കോസ്, എറണാകുളംഅങ്കമാലി അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് ഫാ. വർഗീസ് പൊട്ടയ്ക്കൽ എന്നിവർ സംസാരിച്ചു. സന്യസ്ത വൈദികരുടെ പ്രതിനിധിയായി സി.എം.ഐ. പ്രിയോർ ജനറൽ ഫാ. തോമസ് ചാത്തംപറമ്പിൽ, സന്യാസിനിമാരുടെ പ്രതിനിധിയായി സി.എം.സി. സുപ്പീരിയർ ജനറൽ സി. ഗ്രേസ് തെരേസ്, സമർപ്പിത സഹോദരന്മാരുടെ പ്രതിനിധിയായി സി.എസ്.റ്റി. സുപ്പീരിയർ ജനറൽ ബ്ര. വർഗീസ് മഞ്ഞളി, അല്മായ സംഘടനകളെ പ്രതിനിധീകരിച്ച് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം, മാതൃവേദി ജനറൽ സെക്രട്ടറി ആൻസി മാത്യു, എസ്.എം.വൈ.എം. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി എന്നിവർ പൂച്ചെണ്ടുകൾ നൽകി. സീറോമലബാർ സഭാ ആന്തം ആലപിച്ചതോടെയാണ് സ്ഥാനാരോഹണശുശ്രൂഷ പൂർത്തിയായത്.



## ജലസംരക്ഷണം : ശിൽപശാല സംഘടിപ്പിച്ചു



**കൊച്ചി:** കളമശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര കാർഷിക വികസന പദ്ധതിയായ കൃഷിക്ക് ഒപ്പം കളമശ്ശേരിയുടെ ഭാഗമായി കുന്നുകര ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണ ശില്പശാല സംഘടിപ്പിച്ചു. കുന്നുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈന ബാബു ഉദ്ഘാടനം നിർവഹിച്ചു.

ജലവിഭവ വിനിയോഗവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും നീരുറവ് ഡിപിആർ വാലിഡേഷൻ ശില്പശാല നടത്തുന്നത് .

വൈസ് പ്രസിഡന്റ് എം.എ അബ്ദുൾ ജബ്ബാർ യോഗത്തിൽ അധ്യക്ഷത വഹിച്ചു. കൃഷിക്ക് ഒപ്പം കളമശ്ശേരി കോ ഓഡിനേറ്റർ എം പി വിജയൻ പദ്ധതി വിശദീകരണം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ ജനപ്രതിനിധികൾ, പാടശേഖരസമിതികൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

മൈനർഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവീൺ ലാൽ , മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജില്ലാ എൻജിനീയർ ബ്രിൽസി സാമുവൽ, കുന്നുകര കൃഷി ഓഫീസർ സാബിറാ ബീവി, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വിജി വർഗീസ്, ജനപ്രതിനിധികൾ, പാടശേഖരസമിതികൾ കർഷകർ എന്നിവർ ശില്പശാലയിൽ പങ്കെടുത്തു.

## അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കൽ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള 16 ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ജനുവരി 11 മുതൽ 27 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം, അയ്യമ്പുഴ ഗ്രാമപഞ്ചായത്തലെ പോസ്റ്റ് ഓഫീസ് ജംഗ്ഷൻ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ കേന്ദ്രം പള്ളിത്താഴം, പായിപ്ര ഗ്രാമപഞ്ചായത്തിലെ മുളവൂർ, രായമംഗലം ഗ്രാമപഞ്ചായത്തിലെ കീഴില്ലംപരുത്തേലിപ്പടി, കുന്നുകര ഗ്രാമപഞ്ചായത്തിലെ സൗത്ത് അടുവാശ്ശേരി, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കരിമുകൾ, ഏഴിക്കര ഗ്രാമപഞ്ചായത്തിലെ ഏഴിക്കര ഹെൽത്ത് സെന്റർ, രാമമംഗലം ഗ്രാമപഞ്ചായത്തിലെ കാവുംകട, കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ ഊന്നുകൽ എന്നിവിടങ്ങളിലാണ് പട്ടികജാതി വിഭാഗത്തിന് അനുവദിച്ചിരിക്കുന്നത്.

മൂക്കന്നൂർ ഗ്രാമപഞ്ചായത്തിലെ പൂതൻകുറ്റി ജംഗ്ഷൻ, തൃപ്പൂണിത്തുറ നഗരസഭയിലെ ആദം പിള്ളിക്കാവ് ടെമ്പിൾ, ഏലൂർ നഗരസഭയിലെ മഞ്ഞുമ്മൽ സൗത്ത്, തൃക്കാക്കര നഗരസഭയിലെ ചിറ്റേത്തുകര, കൂത്താട്ടുകുളം നഗരസഭയിലെ കിടക്കൊമ്പ് പോസ്റ്റ് ഓഫീസ്, കൊച്ചി കോർപ്പറേഷനിൽ ഐലൻഡ് നോർത്ത് എന്നിവിടങ്ങളിലാണ് പട്ടികവർഗ്ഗ വിഭാഗത്തിനായി അനുവദിച്ചിരിക്കുന്നത്.പ്രാഥമിക പരിശോധന, ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നീ ഘട്ടങ്ങളിലായാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. 18നും 50നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ "THE DIRECTOR, AKSHAYA" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ദേശസൽകൃത ബാങ്കിൽ നിന്ന് എടുത്ത 750 രൂപയുടെ ഡി. ഡി സഹിതം ജനുവരി 27ന് അകം ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. http://akshayaexam.kerala.gov.in/aes/registration എന്ന ലിങ്ക് വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.വിദ്യാഭ്യാസ യോഗ്യതകൾ, മേൽവിലാസം, നെറ്റിവിറ്റി, കമ്മ്യൂണിറ്റി, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന ലൊക്കേഷനിൽ കെട്ടിടമുണ്ടെങ്കിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് / കെട്ടിടനികുതി രസീത്/ വാടകക്കരാർ എന്നിവ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യണം. അപേക്ഷ ഓൺലൈനായി സമർപ്പിച്ചതിന് തൊട്ടടുത്ത ദിവസം അപേക്ഷയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പ്രിന്റ്, അപ്‌ലോഡ് ചെയ്ത രേഖകളുടെ അസ്സൽ, പകർപ്പ്,ഡി. ഡി, ഡി. ഡിയുടെ പകർപ്പ് എന്നിവ സഹിതം രാവിലെ 11നും ഉച്ചയ്ക്ക് മൂന്നിനും ഇടയിലായി അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിൽ നേരിട്ട് ഹാജരാക്കണം അല്ലാത്തപക്ഷം ഓൺലൈൻ അപേക്ഷ നിരസിക്കുന്നതാണ്.കൂടുതൽ വിവരങ്ങൾ ww.akshaya.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0484 2422693

# കിസാൻ സമ്മാൻ നിധി : പോസ്റ്റ് ഓഫീസ് മുഖേന ബാങ്ക് അക്കൗണ്ട് തുറക്കാം

**കൊച്ചി :** പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്ന കർഷകർക്ക് 16 ാം ഗഡു ലഭിക്കുന്നതിന് ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണമെന്ന് അധികൃതർ അറിയിച്ചു.ഇതിനായി കർഷകർക്ക് അടുത്തുള്ള പോസ്റ്റ് ഓഫീസുകളെയോ / പോസ്റ്റ്മാനെയോ സമീപിച്ച് കേവലം ആധാർ നമ്പറും മൊബൈൽ നമ്പറും ഉപയോഗിച്ച് ഇന്ത്യ പോസ്റ്റ് പേയ്മെന്റ്സ് ബാങ്ക് അക്കൗണ്ട് തുറക്കാവുന്നതാണ്.എറണാകുളം ജില്ലയിൽ 21373 ഗുണഭോക്താക്കൾക്ക് ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ട് ഇല്ലെന്നും എല്ലാവരും ജനുവരി 15നകം തപാൽ വകുപ്പിന് കീഴിൽ ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് അക്കൗണ്ട് തുറക്കണമെന്നും കൃഷി, കർഷക ക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട് .പോസ്റ്റ്മാൻമാർക്ക് നൽകുന്ന സ്മാർട്ട് ഫോണും ബയോമെട്രിക് ഉപകരണവും ഉപയോഗിച്ച്, കർഷകർക്ക് അവരുടെ ആധാറും മൊബൈൽ നമ്പറും മാത്രം ഉപയോഗിച്ച് ഇകെവൈസി വഴി (വിരലടയാളം വഴി) മിനിറ്റുകൾക്കുള്ളിൽ ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് അക്കൗണ്ട് തുറക്കാൻ കഴിയും.ഇതിനായി ഗുണഭോക്താക്കൾ തപാൽ ഓഫീസുകളെ സമീപിച്ചു ജനുവരി 15 നുള്ളിൽ അക്കൗണ്ട് തുടങ്ങണമെന്ന് ആലുവ പോസ്റ്റൽ സീനിയർ സൂപ്രണ്ട് അറിയിച്ചു.രാജ്യത്തുടനീളമുള്ള കർഷകർക്ക് പ്രതിവർഷം 6000 രൂപ നൽകുന്നതിനായി 2018 ൽ 'പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി' എന്ന പേരിൽ തുടങ്ങിയ പദ്ധതി പ്രകാരം എല്ലാ വർഷവും 3 ഗഡുക്കളായി (2000/ നിരക്ക്) കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യപ്പെടുന്നു. പദ്ധതി ആരംഭിച്ചതിന് ശേഷം ഇതുവരെ 15 ഗഡുക്കളാണ് അനുവദിച്ചിരിക്കുന്നത്.

# നാളികേര വികസന ബോർഡിന്റെ സ്ഥാപക ദിനാഘോഷവും കർഷക സെമിനാറും ഇന്ന്

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ 44മത് സ്ഥാപകദിനാഘോഷത്തോനുബന്ധിച്ച് കേര കർഷക സെമിനാർ സംഘടിപ്പിക്കുന്നു. ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്. 300 ഓളം കർഷകർ പങ്കെടുക്കുന്ന സെമിനാറിൽ നാളികേര വികസന ബോർഡിലെയും, കേന്ദ്ര തോ'വിള ഗവേഷണ സ്ഥാപനത്തിലെയും മുതിർ ഉദ്യോഗസ്ഥർ പങ്കെടുക്കും. നാളികേര വികസന ബോർഡിന്റെ പദ്ധതികൾ, ശാസ്ത്രീയ തെങ്ങ് കൃഷി രീതികൾ, കേര സംസ്ക്കരണവും, മൂല്യവർദ്ധനവും എീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും. വിവിധ സംസ്ഥാനങ്ങളിലെ ബോർഡിന്റെ യൂണിറ്റ് ഓഫീസുകളിലും ഫാമുകളിലും തദവസരത്തിൽ കേര കർഷക സെമിനാർ സംഘടിപ്പിക്കുുണ്ട്.നാളികേര കൃഷിയും വ്യവസായവും വികസിപ്പിക്കുതിനുള്ള വിവിധ പദ്ധതികളെ കുറിച്ച് അവബോധം സൃഷ്ടിക്കുക എ ലക്ഷ്യത്തോടെയാണ് നാളികേര വികസന ബോർഡ് കർഷകർക്കായി ഈ സെമിനാർ സംഘടിപ്പിക്കുന്നത്. കേരളത്തിൽ കൊച്ചിയിലാണ് ബോർഡിന്റെ ആസ്ഥാനം. ബെംഗളുരു, പാറ്റ്ന, ചെന്നൈ, ഗുവാഹട്ടി എിവിടങ്ങളിലായി പ്രാദേശിക കാര്യാലയങ്ങളും പിട്ടാപ്പിള്ളി (ഒഡിഷ), കൊൽക്കത്ത (പശ്ചിമ ബംഗാൾ), താനെ (മഹാരാഷ്ട്ര), വിജയവാഡ (ആന്ധ്രാപ്രദേശ്), പോർട്ട് ബ്ലയർ, ജുനഗഡ് (ഗുജറാത്ത്) എവിടങ്ങളിലായി ആറ് സംസ്ഥാനതല കേന്ദ്രങ്ങളും പ്രവർത്തിക്കുുണ്ട്. കൂടാതെ ഡെൽഹിയിൽ മാർക്കറ്റ് ഡവലപ്പ്മെന്റ് കം ഇൻഫർമേഷൻ സെന്ററും, ആലുവയിൽ (കേരളം)ടെക്നോളജി ഡവലപ്പ്മെന്റ് സെന്ററും, തിരുവനന്തപുരത്ത്ഫീൽഡ് ഓഫീസും ബോർഡിനുണ്ട്. കേരളത്തിൽ നേരിയമംഗലം, ആന്ധ്രാ പ്രദേശിൽ വേഗിവാഡ, ഛത്തീസ്ഗഢിലെ കൊണ്ടഗോ, ബീഹാറിലെ മധേപുര, ആസ്സാമിൽ അഭയപുരി, ഒഡീഷയിൽ പിട്ടാപ്പിള്ളി, കർണ്ണാടകയിലെ മാണ്ഡ്യ, മഹാരാഷ്ട്രയിൽ പാൽഗർ, തമിഴ്നാട്ടിൽ ദളി, ത്രിപുരയിൽ ഹിച്ചാച്ചറ, പശ്ചിമ ബംഗാളിൽ ഫൂലിയ എിവിടങ്ങളിലായി 11 വിത്തുൽപാദന പ്രദർശന തോട്ടങ്ങൾ സ്ഥിതി ചെയ്യുന്നു.നാളികേരത്തിന്റെ ഉൽപാദനവും, ഉൽപാദനക്ഷമതയും ഉയർത്താനുള്ള പദ്ധതികൾ, നഴ്സറി നിർമ്മാണം, മൂല്യവർദ്ധനവിനുള്ള സംസ്കരണ നടപടികൾ, വിപണനം, കയറ്റുമതി, നാളികേര കർഷകർക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ, പ്രാദേശിക, സംസ്ഥാന കേന്ദ്രങ്ങളിൽ വിജ്ഞാന വ്യാപന പ്രചാരണ പരിപാടികൾ, രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ വിത്തുൽപാദന പ്രദർശന തോട്ട നിർമ്മാണം, നാളികേര വിള ഇൻഷുറൻസ്, കേര സുരക്ഷ ഇൻഷുറൻസ് തുടങ്ങിയ നിരവധി പദ്ധതികളാണ് നാളികേര വികസന ബോർഡ് നടപ്പിലാക്കിവരുന്നത്.

# പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യം: ആലങ്ങാട് വികസന സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** ആലങ്ങാട് ഗ്രാമപഞ്ചായത്ത് 202425 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാർ സംഘടിപ്പിച്ചു. പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര ലഘൂകരണത്തിനും ഊന്നൽ നൽകുന്ന പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് യോഗം നിർദ്ദേശിച്ചു. പഴംതോടിന് ചുറ്റുമുള്ള സമീപ പ്രദേശങ്ങൾ ഉൾപ്പെടുത്തി പഞ്ചായത്തിൽ 'ഹാപ്പിനസ് പാർക്ക്' പദ്ധതി നടപ്പിലാക്കണം, ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് ഫണ്ടും തനത് വിഹിതവും ഉപയോഗിച്ചാണ് പദ്ധതി യാഥാർത്ഥ്യമാകുന്നത്. വനിതകൾക്ക് സ്കൂട്ടർ, ഓട്ടോറിക്ഷ വാങ്ങി നൽകണം, ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കണം, ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി ആളുകൾക്ക് വീട് അനുവദിക്കണം തുടങ്ങിയ നിർദ്ദേശങ്ങളും സെമിനാറിൽ ഉയർന്നു.

# ബാംബൂ ഫെസ്റ്റിന് ഇന്ന് തുടക്കം

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പിനു വേി സംസ്ഥാന ബാംബൂ മിഷൻ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് ഇന്നു മുതൽ 17 വരെ സംഘടിപ്പിക്കുന്ന 20ാമത് കേരള ബാംബൂ ഫെസ്റ്റിന്റെ ഭാഗമായി ദ്വിദിന ദേശീയതല സെമിനാർ നടക്കും. ഇന്നും നാളെയുമായി എറണാകുളം മറൈൻ ഡ്രൈവ് താജ് ഗേറ്റ്‌വേ ഹോട്ടലിൽ മുള മേഖലയുമായി ബന്ധപ്പെട്ടൊരുക്കുന്ന ദേശീയ വികസന സെമിനാറിന്റെ ഉദ്ഘാടനം സംസ്ഥാന വ്യവസായ വാണിജ്യ ,ബാംബൂ മിഷൻ ഡയറക്ടർ എസ് ഹരികിഷോർ നിർവഹിക്കും. ഹോർട്ടികൾച്ചർ കമ്മീഷണറും നാഷണൽ ബാംബൂ മിഷൻ ഡയറക്റുമായ ഡോ. പ്രഭാത് കുമാർ മുഖ്യപ്രഭാഷണം നിർവഹിക്കും. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് ഐഎഎസ് തുടങ്ങിയവർ സംബന്ധിക്കും.ബെംഗളൂരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാംബൂ ആൻഡ് കെയിൻ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, അഗർത്തല, ത്രിപുര, ഉറവ്, വയനാട്, കേരളം തുടങ്ങിയ പ്രമുഖ സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ സെമിനാറിൽ വിവിധ സെഷനുകളിൽ പങ്കെടുക്കും.ഇന്ന് വൈകിട്ട് ആറിനു മന്ത്രി പി രാജീവ് ബാംബൂ ഫെസ്റ്റിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. തുടർന്ന് 6 മുതൽ 9 വരെയും ഫെസ്റ്റ് ദിവസങ്ങളിൽ രാവിലെ 11 മുതൽ രാത്രി 9 വരെയുമാണ് മേളയിലെ പ്രവേശന സമയക്രമം. പ്രവേശനം സൗജന്യമാണ്. കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി നാന്നൂറോളം കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും മുള മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ ഗവേഷണ




സ്ഥാപനങ്ങളും ഫെസ്റ്റിൽ പങ്കെടുക്കും.മുള കരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണ രീതികൾ തത്സമയം മനസിലാക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിനും മേളയിൽ അവസരമൊരുക്കിയിട്ടു്. സംസ്ഥാന ബാംബൂ മിഷൻ പരിശീലകർ രൂപകൽപന ചെയ്ത വിവിധ കരകൗശല ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനു പ്രത്യേക ബാംബൂ ഗ്യാലറിയും ഉാകും. ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുള വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാസാംസ്കാരിക പരിപാടികൾ നടത്തും. മുളയരി, മുളകൂമ്പ് എന്നിവയിൽ നിർമ്മിച്ച വിവിധ ഭക്ഷ്യ ഉല്പന്നങ്ങളുടെ സ്റ്റാളുകളും മുള നഴ്സറികളും കുടുംബശ്രീയുടെ ഫുഡ് കോർട്ടും മേളയിൽ ഉാകും.

# ലേസർ സർജറി: പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു





**കൊച്ചി:** ഓറിയോൾ അക്കാദമിയും കൊച്ചി ഫ്യൂച്ചറേസ് ആശുപത്രിയും സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന ലേസർ സർജറി പ്രോഗ്രാം കൊച്ചിയിൽ നടന്നു. പൈൽസ്, ഫിസ്റ്റുല, ഫിഷർ രോഗങ്ങളുള്ള അഞ്ചിലേറെ രോഗികളിൽ വിജയകരമായി ബയോ ലേസർ ശസ്ത്രക്രിയ നടത്തി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പത്തിലേറെ സർജന്മാർക്കൊപ്പം ലോകത്തിലെ 40ലേറെ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധ സർജന്മാർ ഓൺലൈനായി പങ്കെടുത്തു.പ്രോക്ടോളജി (പൈൽസ്, ഫിസ്റ്റുല, ഫിഷർ രോഗങ്ങൾ സംബന്ധിച്ച മെഡിക്കൽ ശാഖ) ലേസർ സർജറിയിൽ ലോകപ്രശസ്ത പരിശീലകനും ഡൽഹിയിലെ മാക്സ് ആശുപത്രി സർജറി മേധാവിയുമായ ഡോ. നീരജ് ഗോയൽ, എറണാകുളം ലേക്ഷോർ ആശുപത്രി സർജറി വിഭാഗം മേധാവിയും കീ ഹോൾ ക്ലിനിക് മാനേജിംഗ് ഡയറക്ടറുമായ ഡോ. പദ്മകുമാർ, ഡോക്ടർമാരായ ഡോ. മധുകർ പൈ, ഡോ. റെൻസിൻ എന്നിവരുടെ നേതൃത്വത്തിലാണ് ലേസർ സർജറി പരിശീലന പ്രോഗ്രാം നടന്നത്. ആധുനിക മെഡിക്കൽ വിഭാഗത്തിലെ ഏറ്റവും നൂതനമായ പരിശീലന പരിപാടികൾക്കാണ് രണ്ട് ദിവസങ്ങളിലായി പങ്കെടുത്തതെന്ന് വിവിധ ഡോക്ടർമാർ അഭിപ്രായപ്പെട്ടു.ഓറിയോൾ അക്കാദമി സി.ഇ.ഒ പ്രവീൺ നൈറ്റും എക്സിക്യൂട്ടീവ് ഡയറക്ടർ അമൽ എ.കെയും ചേർന്ന് പരിശീലനാർത്ഥികൾക്ക് ബയോ ലേസർ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുകയും പരിശീലനം നൽകുകയും ചെയ്തു. ഫ്യൂച്ചറേസ് ഹോസ്പിറ്റൽ ജനറൽ മാനേജർ ഷിയാസ്, ഓറിയോൾ അക്കാദമി സി.ഒ.ഒ നീലിമ ജോസഫ് എന്നിവരും പ്രോഗ്രാമിൽപങ്കെടുത്തു

# സംസ്ഥാന ചിൽഡ്രൻസ് ഫെസ്റ്റ്: ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള ഗവ. ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന സംസ്ഥാന ചിൽഡ്രൻസ് ഫെസ്റ്റ് 2024 ന്റെ ഭാഗമായി വിവിധ പ്രവർത്തികൾ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ബാഡ്ജ് നിർമ്മാണം (വി ഐ പി, സ്റ്റാഫ്, വോളണ്ടിയേഴ്സ് ), തിരിച്ചറിയൽ ടാഗ് ( കുട്ടികൾക്ക്), ബാനർ, ഹോൾഡിങ്സ്, പ്രോഗ്രാം നോട്ടീസ് എന്നിവയാണ് തയ്യാറാക്കേണ്ടത്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 15ന് ഉച്ചയ്ക്ക് രണ്ടിന്.ഫോൺ : 0484 2952949

# ഹരിത വിദ്യാലയ പ്രഖ്യാപനവുമായി പറവൂർ



**കൊച്ചി:** കൊട്ടുവള്ളിക്കാട് എസ്.എൻ.എം ഗവ. എൽപി സ്കൂളിൽ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ശുചിത്വോത്സവം 'തളിർ ' പദ്ധതിക്ക് തുടക്കമായി. പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിംന സന്തോഷ് പദ്ധതി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 44 വിദ്യാലയങ്ങളും സമ്പൂർണ ശുചിത്വ വിദ്യാലയങ്ങളായി മാറുന്നതിനുള്ള ആദ്യ ചുവടാണ് ഹരിത വിദ്യാലയ പ്രഖ്യാപനത്തോടെ സാധ്യമാകുന്നത്.

ചടങ്ങിൽ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സൗഹൃദ തുണിസഞ്ചികളും വിദ്യാലയത്തിലെ ശുചിത്വ സേനയ്ക്ക് യൂണിഫോമും വിതരണം ചെയ്തു. പരിപാടിയുടെ ഭാഗമായി പാഴ്വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച അലങ്കാര വസ്തുക്കളുടെ പ്രദർശനവും നടന്നു.വടക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രശ്മി അനിൽകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എസ് സനീഷ് പദ്ധതിയുടെ ആമുഖം അവതരിപ്പിച്ചു. എസ്.എം.സി ചെയർമാൻ എൻ.ആർ രൂപേഷ്, പറവൂർ ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ബബിത ദിലീപ്കുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സജന സൈമൺ, വടക്കേക്കര ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ബീന രത്നൻ, വാർഡ് മെമ്പർ ഉണ്ണികൃഷ്ണൻ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സി.എസ് ജയദേവൻ, പറവൂർ ബി.പി.സി പ്രേംജിത്ത്, പ്രധാനാധ്യാപിക പി.വി മീനാകുമാരി എന്നിവർ സംസാരിച്ചു. രാം ക്ലാസ്സ് വിദ്യാർഥി എയ്ഞ്ചൽ എലിസബത്ത് ആന്റണി ശുചിത്വ പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. നാലാം ക്ലാസ്സ് വിദ്യാർഥി വേദിക ഷിബിൻ ശുചിത്വ സന്ദേശം നൽകി. നാലാം ക്ലാസ്സ് വിദ്യാർത്ഥികളായ എം.എസ് തേജസ്വിനി, പി.എച്ച് അനുഗ്രഹ, എ.എൽ ഇഷാൻ, കെ.എം ആഷ്ന എന്നിവരുടെ നേതൃത്വത്തിൽ ലഘു നാടകം അരങ്ങേറി. സന്നദ്ധ പ്രവർത്തകരായ സുരേഷ് തുരുത്തിക്കര, ദീപു, രാജീവ്, പിടിഎ പ്രതിനിധി റോണി എന്നിവർ മാലിന്യങ്ങളുടെ പുനരുപയോഗ സാധ്യത പരിചയപ്പെടുത്തിക്കൊള്ള ശില്പശാലയ്ക്ക് നേതൃത്വം നൽകി.

# ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി രൂപീകരണം; ഗ്രാമസഭ യോഗം ചേർന്നു



**കൊച്ചി:**എറണാകുളം ജില്ലാ പഞ്ചായത്ത് 2024 25 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഗ്രാമസഭ യോഗം ചേർന്നു. അൻവർ സാദത്ത് എംഎൽഎ യോഗം ഉദ്ഘാടനം ചെയ്തു. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി നാടിന്റെ ഉന്നമനത്തിന് എല്ലാവരും കൂടി കൈകോർത്ത് മുന്നോട്ടു പോകണമെന്ന് യോഗം ഉദ്ഘാടനം ചെയ്തുകൊ് എംഎൽഎ പറഞ്ഞു. യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് കരട് പദ്ധതി നിർദേശങ്ങൾ പ്രാദേശിക ആസൂത്രണ സമിതി വൈസ് ചെയർമാൻ അഡ്വ കെ കെ അബ്ദുൽ റഷീദ് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി എസ് ഷിനോ വിഷയാവതരണം നടത്തി. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്കുകൾ തിരിച്ച് വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ചർച്ചയുടെ ഭാഗമായി വന്ന നിർദേശങ്ങൾ ബ്ലോക്കുകൾ ജില്ലാ പഞ്ചായത്തിൽ സമർപ്പിക്കും.ജില്ലാ പഞ്ചായത്ത് ഉമ്മൻചാി സ്മാരക ഹാളിൽ നടന്ന പരിപാടിയിൽ വൈസ് പ്രസിഡന്റ് സനിത റഹീം അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് ആസൂത്രണ സമിതി അംഗങ്ങളായ റാണിക്കുട്ടി ജോർജ്, ആശാ സനൽ, എം ജെ ജോമി, കെ ജി ഡോണോ മാസ്റ്റർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഉല്ലാസ് തോമസ്, മനോജ് മൂത്തേടൻ, ഷൈനി ജോർജ്, എ എസ് അനിൽകുമാർ, ശാരദ മോഹൻ, കെ കെ ദാനി, എം ബി ഷൈനി, അനിത ടീച്ചർ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സന്മാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്തിലെ ആസൂത്രണ സമിതി ഉപാധ്യക്ഷന്മാർ, ജില്ലാ പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ഏഥർ 450s ഇലക്ട്രിക് സ്കൂട്ടർ 1,09,000 രൂപയ്ക്ക്



**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് സ്കൂട്ടർ നിർമ്മാതാക്കളായ ഏഥർ എനർജി അതിൻറെ എൻട്രി വേരിയന്റ് സ്കൂട്ടറായ 450S ന്റെ പുതിയ വിലകൾ പ്രഖ്യാപിച്ചു . ബംഗളുരവിൽ1,09,000 രൂപയും ഡൽഹിയിൽ 97,500 രൂപയുമാണ് പ്രാരംഭ വില.ഏഥറിൻറെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന 450 പ്ലാറ്റ്ഫോമിൽ നിർമ്മിച്ച 450S, 125 സിസി പെട്രോൾ സ്കൂട്ടറുകളുകൾ, ഇ.വി. സ്കൂട്ടറുകൾ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ, കാറ്റഗറിയിലെ മുൻനിര ടോർക്കും ആക്സിലറേഷനും, ഇന്ത്യയിലെ ആദ്യത്തെ ഡീപ് വ്യൂ ഡിസ്പ്ലേ ഡാഷ്ബോർഡ്, 5 വർഷത്തെ ബാറ്ററി വാറന്റി തുടങ്ങി സെഗ്മെന്റിലെ മുൻനിര പ്രകടനവും സാങ്കേതികവിദ്യയും വാഗ്ദാനം ചെയ്യുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ഇന്ത്യാ സ്കിൽസ് 202324; രജിസ്ട്രേഷൻ ജനുവരി 15 വരെ നീട്ടി

**ന്യൂ ഡൽഹി:** നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന് (എം എസ് ഡി ഇ ) കീഴിലുള്ള നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ എസ് ഡി സി) അഖിലേന്ത്യാ തലത്തിൽ ഇന്ത്യാ സ്കിൽസ് 202324 മത്സരം സംഘടിപ്പിക്കുന്നു. രാജ്യത്തെ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ പങ്കാളിത്തമാണ് മത്സരത്തിൽ പ്രതീക്ഷിക്കുന്നത്. നിരവധി അവസരങ്ങൾ ലഭിക്കുന്ന ഒരു ഭാവി വാഗ്ദാനം ചെയ്തുകൊാണ് വ്യക്തികളുടെ കഴിവുകൾ ആഘോഷിക്കുക എന്നതാണ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. പരിപാടിയിൽ പങ്കെടുക്കുന്നതിനായി താൽപര്യം അറിയിച്ചുകൊ് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും നിരവധിപേർ മുന്നോട്ട് വരുന്നത് പരിഗണിച്ച് മത്സരത്തിൽ പങ്കെടുക്കുവാനുള്ള രജിസ്ട്രേഷന്റെ ജനുവരി 15 വരെ നീട്ടി. ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സമ്പദ്വ്യവസ്ഥയാക്കി ഇന്ത്യയെ ഉയർത്തുക എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ച്ചപ്പാടുമായി ചേർന്നുനിന്നുകൊ് ആഗോളതലത്തിൽ തൊഴിലവസരങ്ങൾ നൽകുകയും, പരമ്പരാഗത നവ തൊഴിൽ മേഖലകളിൽ പ്രാവീണ്യം ഉറപ്പാക്കുകയും ഇതിലൂടെ ചെയ്യുന്നു.സ്കിൽ ഇന്ത്യ ഡിജിറ്റൽ വെബ്സൈറ്റിലൂടെ ഉദ്യോഗാർഥികൾക്ക് രജിസ്ട്രേഷൻ നടത്താം. ജില്ല, സംസ്ഥാന, സോണൽ തല മത്സരങ്ങൾക്ക് ശേഷമായിരിക്കും അഖിലേന്ത്യാ തലത്തിലലേക്ക് മത്സരാർഥികളെ കത്തെുന്നത്. ഈ വർഷം ഫ്രാൻസിൽ വെച്ചു നടക്കുന്ന വേൾഡ് സ്കിൽ കോംപറ്റീഷൻ വേദിയിൽ ഇന്ത്യയെ പ്രതിനിധീകരിക്കുവാനുള്ള അവസരമാണ് അന്തിമ വിജയികളെ കാത്തിരിക്കുന്നത്. കൺസ്ട്രക്ഷൻ, ബിൽഡിംഗ് ടെക്നോളജി, ഓട്ടോമോട്ടീവ് ടെക്നോളജി, ഫാഷൻ ഡിസൈനിംഗ്, ഹെയർ ഡ്രസ്സിംഗ്, ബേക്കിംഗ്, ഇൻഡസ്ട്രി 4.0, സൈബർ സെക്യൂരിറ്റി തുടങ്ങി 60ൽ അധികം വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുക.

### ഐസിഎസ്ഐ സെമിനാർ സംഘടിപ്പിച്ചു

## വിദ്യാർഥികൾക്ക് സൗജന്യ ഓൺലൈൻ ക്ളാസുകൾ ലഭ്യമാക്കും: ഐസിഎസ്ഐ



**കൊച്ചി:** പ്രാക്റ്റിസിങ് കമ്പനി സെക്രട്ടറിമാർക്കുള്ള മാർഗനിർദേശങ്ങൾ പരിഷ്കരിക്കുമെന്നും വിദ്യാർഥികൾക്ക് സൗജന്യ ഓൺലൈൻ ക്ളാസുകൾ ലഭ്യമാക്കുമെന്നും ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ (ഐസിഎസ്ഐ) പ്രസിഡന്റ് മനീഷ് ഗുപ്ത. സിംഗിൾ ട്രെയിനിങ് മൊഡ്യൂൾ നടപ്പാക്കുമെന്നും ലൈവ് സെഷനുകളുടെ റെക്കോഡിങ് കുട്ടികൾക്കായി ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. ഐസിഎസ്ഐ കൊച്ചി ചാപ്റ്റർ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരീക്ഷകൾ ആരംഭിക്കും മുൻപ് വിദ്യാർഥികൾക്ക് ചോദ്യ പേപ്പർ വിശകലനം ചെയ്യാൻ 15 മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ടെന്നും മനീഷ് ഗുപ്ത അറിയിച്ചു. കേസ് സ്റ്റഡികൾ കൂടി ഉൾപ്പെടുത്തി പഠന നിലവാരം ഉയർത്തുമെന്നും അദ്ദേഹം പറഞ്ഞു. സിലബസ് പരിഷ്കരണം കനത്ത വെല്ലുവിളിയായിരുന്നുവെന്നും സിലബസ് കൂടുതൽ ആസ്വാദ്യകരമാക്കി പഠന നിലവാരം ഉയർത്തുമെന്നും ഐസിഎസ്ഐ സെക്രട്ടറി ആശിഷ് മോഹൻ പറഞ്ഞു. തെലങ്കാന മുൻ രാജിസ്ട്രാർ ഓഫ് കമ്പനീസ് വി.ഇ ജോസ്കുട്ടി പ്രഭാഷണം നടത്തി.കൊച്ചി ചാപ്റ്റർ ചെയർമാൻ ശരത് ശശിധര, എസ് ഐ ആർ സി സെക്രട്ടറി ഇ.പി മധുസൂദനൻ, കൗൺസിൽ അംഗം ദ്വാരകനാഥ്, കൗൺസിൽ അംഗം ആർ. വെങ്കട്ട രമണ, കൊച്ചി ചാപ്റ്റർ വൈസ് ചെയർപേഴ്സൺ ജിനു മാത്തൻ, ഗോകുൽ വി ഷേണായ് എന്നിവർ പ്രസംഗിച്ചു.

## സംരംഭകർക്ക് നിയമപരമായ സഹായങ്ങൾ ഉറപ്പാക്കാൻ ശിൽപ്പശാല



**കൊച്ചി:** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംരംഭകർക്ക് നിയമപരമായ സഹായങ്ങൾ നൽകേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ബോധവത്ക്കരണ ശില്പശാല സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും കെ സ്വിഫ്റ്റ് പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കുമായാണ് ശില്പശാല സംഘടിപ്പിച്ചത്. ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു.തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സൂഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ മുഖ്യപങ്ക് വഹിക്കുന്നുവെന്നും സമൂഹത്തിന്റെ വളർച്ചയ്ക്ക് ഇത്തരം സംരംഭങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.സൂഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനു സർക്കാർ തലത്തിൽ സംരംഭകർക്ക് നൽകേണ്ട നിയമപരമായ അനുമതിയുടെ ആവശ്യകത വ്യക്തമാക്കുന്നതിനാണ് ശില്പശാല സംഘടിപ്പിച്ചത്. കണയന്നൂർ, കൊച്ചി, നോർത്ത് പറവൂർ, ആലുവ താലൂക്കുകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 88 ഉദ്യോഗസ്ഥരാണ് ശില്പശാലയിൽ പങ്കെടുത്തത്.വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാരിൽ നിന്നും ഇതര ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന സഹായങ്ങളെപ്പറ്റിയും വിവിധ തരം അനുമതി പത്രങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കേരള സർക്കാർ ആരംഭിച്ചിട്ടുള്ള കെ സ്വിഫ്റ്റ് എന്ന ഏകജാല പോർട്ടലിനെപ്പറ്റിയും ശില്പശാലയിൽ വിശദീകരിച്ചു.കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി എ നജീബ് അധ്യക്ഷത വഹിച്ചു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ അസിസ്റ്റന്റ് ജനറൽ മാനേജർ വർഗീസ് മാളക്കാരൻ ക്ലാസ് നയിച്ചു. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ആർ സംഗീത, തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കെ ജെ ജോയ്, ആലുവ ഉപജില്ലാ വ്യവസായ ഓഫീസർ യു എസ് നൗഫൽ എന്നിവർ പങ്കെടുത്തു.

# ഇലക്ട്രിക് വാഹനങ്ങളുടെ ആറ് കോൺസെപ്റ്റ് മോഡലുകൾ അവതരിപ്പിച്ച് വാർഡ്‌വിസാർഡ്



**കൊച്ചി:** മുൻനിര ഇലക്ട്രിക് വാഹന നിർമാതാക്കളായ വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ്, വൈബ്രന്റ് ഗുജറാത്ത് ഗ്ലോബൽ സമ്മിറ്റിന്റെ പത്താം പതിപ്പിൽ ഇലക്ട്രിക് വാഹനങ്ങളുടെ ആറ് കോൺസെപ്റ്റ് മോഡലുകൾ അവതരിപ്പിച്ച ജോയ് ഇ-ബൈക്ക് ബ്രാൻഡിന് കീഴിൽ ഇലക്ട്രിക് ഇരുചക്രവാഹന വിഭാഗത്തിലും, ജോയ് ഇ-റിക്ക് എന്ന ബാനറിന് കീഴിൽ ഇലക്ട്രിക് വാണിജ്യ വാഹന വിഭാഗത്തിലുമാണ് പുതിയ കോൺസെപ്റ്റുകൾ അവതരിപ്പിച്ചത്. സാങ്കേതിക മുന്നേറ്റങ്ങളും പുതുമകളും ഉപയോഗിച്ച് ഇ.വി മോഡൽ ലൈനപ്പ് വിപുലീകരിക്കാനുള്ള കാഴ്ചപ്പാടിന് അനുസൃതമായി രണ്ട്ൺൺൺൺൺൺ ഹൈസ്പീഡ് ഇലക്ട്രിക് സ്കൂട്ടറുകളുടെ കോൺസെപ്റ്റ് മോഡലുകളും, ഗോൾഫ് കാർട്ട് (6 സീറ്റർ), ഗാർബേജ് വെഹിക്കിൾ, ഇ-കാർട്ട്, ഇ-ലോഡർ വെഹിക്കിൾ എന്നിങ്ങനെ നാല് ഇലക്ട്രിക് വാണിജ്യ വാഹനങ്ങളുടെ കോൺസെപ്റ്റ് മോഡലുകളുമാണ് പ്രദർശിപ്പിച്ചത്. ഇതിന് പുറമേ നെക്സ്റ്റ്-ജെൻ ഹൈഡ്രജൻ ഇന്ധന സെല്ലും, ഇലക്ട്രോലൈസർ സാങ്കേതികവിദ്യ സമ്മിറ്റിൽ പുറത്തിറക്കിയ കമ്പനി, ഹൈഡ്രജൻ അധിഷ്ഠിത ഫ്യൂവൽ സെൽ പവർഡ് സ്കൂട്ടർ പ്രോട്ടോടൈപ്പും പ്രദർശിപ്പിച്ചു. അടുത്ത തലമുറ ഉപയോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഭാവിയിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പ്പിനെ സൂചിപ്പിക്കുന്ന ഹൈഡ്രജൻ അധിഷ്ഠിത ഇന്ധന സെൽ എന്ന ആശയം നിലവിൽ ഗവേഷണവികസന ഘട്ടത്തിലാണ്. സാങ്കേതികവിദ്യ പൂർണമായി വികസിക്കുമ്പോൾ യൂട്ടിലിറ്റി വാഹനങ്ങളിൽ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽ ഇത് ഉപയോഗിക്കും. ട്രൈറ്റൺ ഇ.വിയുമായുള്ള സഹകരണത്തിന്റെ ഭാഗമാണ് ഈ സംരംഭം. ഗുജറാത്ത് സർക്കാരുമായി അടുത്തിടെ ഒപ്പുവച്ച 2000 കോടി രൂപയുടെ ധാരണാപത്രം പ്രകാരം, വാർഡ്‌വിസാർഡ് നിർണായക മേഖലകളിൽ ഗണ്യമായ നിക്ഷേപം നടത്തിയിരുന്നു. സുസ്ഥിരമായി മുന്നോട്ടുപോകുന്നതിനുള്ള ഞങ്ങളുടെ കാഴ്ചപ്പാട് അവതരിപ്പിക്കാനുള്ള അവസരം ഞങ്ങൾക്ക് സമ്മാനിച്ചതിന് ഗുജറാത്ത് സർക്കാരിനോട് ഏറെ നന്ദിയുണ്ടെന്ന് സമ്മിറ്റിൽ സംസാരിച്ച് കമ്പനിയുടെ ഭാവി പദ്ധതികൾ വിശദീകരിച്ച വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.

# അയോധ്യയിൽ കല്യാൺ ജൂവലേഴ്സിന്റെ ഷോറൂം തുറക്കുന്നു

**കൊച്ചി:** കല്യാൺ ജൂവലേഴ്സിൻറെ ആഗോളതലത്തിലെ 250മത് ഷോറൂം അയോധ്യയിൽ ആരംഭിക്കും. ഫെബ്രുവരി 9ന് ബോളിവുഡ് സൂപ്പർതാരവും കല്യാൺ ജൂവലേഴ്സിൻറെ ബ്രാൻഡ് അംബാസിഡറുമായ അമിതാഭ് ബച്ചൻ അയോധ്യ ഷോറൂം ഉദ്ഘാടനം ചെയ്യും. ദക്ഷിണേന്ത്യയ്ക്കു പുറമെയുള്ള വിപണികളിൽ സാന്നിദ്ധ്യം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വിപണിവിഹിതം സ്വന്തമാക്കുന്നതിനുമുള്ള കമ്പനിയുടെ ശ്രമങ്ങളുടെ ഭാഗമായാണ് പുതിയ ഷോറൂം തുറക്കുന്നത്.ഈ സാമ്പത്തിക വർഷം ഇതിനോടകം 50 പുതിയ ഷോറൂമുകൾ കല്യാൺ ജൂവലേഴ്സ് ആരംഭിച്ചു കഴിഞ്ഞു. മാർച്ച് 31 നുള്ളിൽ കല്യാൺ ജൂവലേഴ്സ് 15 ഷോറൂമുകൾ ഇന്ത്യയിലും 2 ഷോറൂമുകൾ ഗൾഫ് മേഖലയിലും ആരംഭിക്കും. ഹരിയാന, ഒഡീഷ, ഝാർഖണ്ഡ്, ബിഹാർ തുടങ്ങിയ വിപണികളിൽ ഷോറൂമുകൾ തുടങ്ങാനും ബംഗളുരു, ന്യൂഡൽഹി, പൂന തുടങ്ങിയ മെട്രോ നഗരങ്ങളിൽ റീട്ടെയ്ൽ സാന്നിദ്ധ്യം ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമത്തിലാണ് കമ്പനി. കല്യാണിൻറെ ലൈഫ്സ്റ്റൈൽ ബ്രാൻഡായ കാൻഡിയറിൻറെ പുതിയ 13 ഷോറൂമുകൾക്കും മാർച്ച് 31 നുള്ളിൽ തുടക്കമാകും.മെട്രോ വിപണികളിൽ ഉപയോക്താക്കൾ ഉയർന്ന താത്പര്യവും കാണിക്കുന്നതിനാൽ കമ്പനി പുതിയ ഉപയോക്താക്കളുടെ താത്പര്യങ്ങൾക്ക് അനുസരിച്ച് വിപണിസാന്നിദ്ധ്യം കൂടുതൽ ശക്തമാക്കാനാണ് പരിശ്രമിക്കുന്നത്. പ്രധാന മെട്രോ നഗരങ്ങളിൽ നിലവിലുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ കമ്പനി ലക്ഷ്യമിടുന്നു. കൂടാതെ, വടക്ക്, കിഴക്ക്, പടിഞ്ഞാറൻ പ്രദേശങ്ങളിലെ ടിയർ2, ടിയർ3 വിപണികളിൽ കൂടുതൽ ശക്തമായ സാന്നിദ്ധ്യം ഉറപ്പുവരുത്തും.കല്യാൺ




ജൂവലേഴ്സിൻറെ ആകെ വരുമാനത്തിൻറെ 13 ശതമാനം ഗൾഫ് രാജ്യങ്ങളിലെ ബിസിനസിൽനിന്നാണ്. ശക്തമായ ബിസിനസ് സാധ്യതകളുള്ള അയോധ്യയിൽ കല്യാൺ ജൂവലേഴ്സ് ഷോറൂമിന് തുടക്കം കുറിക്കുന്നതിൽ സന്തോഷമുണ്ടെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിൽ ദക്ഷിണേന്ത്യ ഇതര വിപണികളിൽ, പ്രത്യേകിച്ച് ഉത്തർപ്രദേശിൽ, സാന്നിദ്ധ്യം വ്യാപിപ്പിക്കുന്നതിന് പരിശ്രമിച്ചുവരികയായിരുന്നു. തികച്ചും പ്രാദേശികമായ സമീപനത്തിലൂടെ കല്യാൺ ജൂവലേഴ്സിന് ഇന്ത്യയുടെ ദേശീയപ്രാദേശിക ജൂവലർ എന്ന സ്ഥാനം നേടിയെടുക്കാൻ സാധിച്ചു. വിപുലീകരണം കമ്പനിയുടെ അടുത്തഘട്ട വളർച്ചയ്ക്ക് സഹായകമാകുമെന്ന് കരുതുന്നതായും അദ്ദേഹം പറഞ്ഞു.

# കൊമേഴ്സ് കാർണിവൽ

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ(ഐസിഎഐ ) എറണാകുളം ബ്രാഞ്ചും കേരള കോമേഴ്സ് ഫോറവും (കെസിഎഫ്) ചേർന്ന് കോമേഴ്സ് കാർണിവൽ അവതരിപ്പിക്കുന്നു. ശനിയാഴ്ച രാവിലെ 9.30 ന് എറണാകുളം ഐസിഎഐ ഭവനിൽ സംഘടിപ്പിക്കുന്ന കൊമേഴ്സ് കാർണിവലിൽ വിദ്യാർഥികൾക്ക് സമ്മാന പെരുമഴയും പ്രഖ്യാപിച്ചിട്ടു. പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥികൾക്കുള്ള അക്കൗണ്ട് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് മത്സരത്തിൽ വിജയികളാകുന്നവർക്ക് ഒന്നാം സമ്മാനം 5000 രൂപ, രാം സമ്മാനം 3000 രൂപ, മൂന്നാം സമ്മാനം 2000 രൂപ എന്നിങ്ങനെ സമ്മാനം ലഭിക്കും. ഹയർ സെക്കന്ററി വിദ്യാർഥികൾക്കുള്ള കോമേഴ്സ് ക്വിസിൽ വിജയികളാകുന്നവർക്ക് ഒന്നാം സമ്മാനം 5000 രൂപ,രാം സമ്മാനം 3000 രൂപ, മൂന്നാം സമ്മാനം 2000 രൂപ വീതവും ലഭിക്കും. കൂടാതെ, വിവിധ ജില്ലകളിൽ നിന്നും അക്കൗണ്ട് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റുകളിൽ മുന്നിലെത്തുന്ന ആദ്യ 5 സ്ഥാനക്കാർക്കും ജില്ലാ തല ക്വിസ് മത്സരത്തിലെ ആദ്യ രു ടീമുകൾക്കും ജനുവരി 13 ന് ഐസിഎഐ ഭവനിൽ വച്ച് ട്രോഫിയും സർട്ടിഫിക്കറ്റും നൽകും. 14 ജില്ലകളിൽ നിന്നും വരുന്ന 196 മത്സരാർഥികൾക്കും ട്രോഫിയും സർട്ടിഫിക്കറ്റും ഉറപ്പായും ലഭിക്കും. ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ സമ്മാനദാനം നിർവഹിക്കും. കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഹയർ സെക്കന്ററി കോമേഴ്സ് വിദ്യാർഥികൾക്കായി വിവിധ ജില്ലകളിലെ കോമേഴ്സ് ടീച്ചേർസ് അസോസിയേഷനുകൾ നടത്തുന്ന മത്സരങ്ങളിൽ അകൗണ്ട് അപ്റിട്യൂട് ടെസ്റ്റുകളിൽ മുൻപിൽ വരുന്ന 20 വീതം കുട്ടികൾക്കും (പ്ലസ് വൺ.10, പ്ലസ് ടു 10)ആദ്യ മൂന്ന് സ്ഥാനത്തെത്തുന്ന രു പേരടങ്ങുന്ന ടീമുകൾക്കും ( ഒരു ജില്ലയിൽ നിന്നും 26 പേർ ) 'കോമേഴ്സ് കാർണിവൽ 2024 ' ൽ പങ്കെടുക്കും.

## വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം അധ്യാപക തസ്തിക

**കൊച്ചി:** എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)(കാറ്റഗറി നം.615/2021 പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ.പി.എസ് സെക്കന്റ് എൻസിഎ ഇ/ടി/ബി (കാറ്റഗറി നം.807/22), പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)എൽ.പി.എസ് സെക്കന്റ് എൻസിഎ ഒബിസി (കാറ്റഗറി നം.808/22), പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് ഫിഫ്ത്ത് എൻസിഎ എസ്സി (കാറ്റഗറി നം.237/22), ഫുൾ ടൈം ജൂനിയർ ലാൻ ഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് ഫസ്റ്റ് എൻസിഎ എൽ സി/എഐ (കാറ്റഗറി നം.186/21) എന്നീ തസ്തികകളുടെ ഇന്റർവ്യൂ കേരള പബ്ലിക് സർവീസ് കമ്മീഷൻ എറണാകുളം ജില്ലാ ഓഫീസിൽ വച്ച് 17.01.2024, 18.01.2024, 19.01.2024, 23.01.2024, 24.01.2024, 25.01.2024 തീയതികളിൽ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ മേസേജ്, എസ് എം എസ് എന്നിവ വഴി അറിയിപ്പ് നൽകിയിട്ടു. ഇത് സംബന്ധിച്ച് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ മെമ്മോ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കേതാണ്. അറിയിപ്പ് ലഭിക്കാത്ത അർഹരായ ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ എറണാകുളം ജില്ലാ ഓഫീസുമായി ബന്ധപ്പെടേതാണ്. വിശദ വിവരങ്ങൾ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാണ്.

## ഓപ്പറേഷൻ ബ്രേക്ക് ത്രൂ': വാഹന ഗതാഗതം നിയന്ത്രിക്കും

**കൊച്ചി:** 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' മൂന്നാം ഘട്ടത്തിൽ ഉൾപ്പെട്ട മുല്ലശ്ശേരി കനാൽ നവീകരണവുമായി ബന്ധപ്പെട്ട് ചിറ്റൂർ റോഡ് മുതൽ മുല്ലശ്ശേരി കനാൽ റോഡ് ജംഗ്ഷൻ വരെ ജനുവരി 12 മുതൽ 20 ദിവസത്തേക്ക് ഗതാഗതം നിയന്ത്രിക്കും. പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ മാൻഹോൾ അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിനാണ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയത്.

# സംസ്ഥാന ചിൽഡ്രൻസ് ഫെസ്റ്റ്: ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള ഗവ. ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന സംസ്ഥാന ചിൽഡ്രൻസ് ഫെസ്റ്റ് 2024 ന്റെ ഭാഗമായി വിവിധ പ്രവർത്തികൾ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ലൈവ് സ്ട്രീമിംഗ്, വീഡിയോഗ്രാഫി, ഫോട്ടോഗ്രാഫി, വീഡിയോ എഡിറ്റിംഗ് ആൻഡ് റീൽസ്, ആൽബം ഡിസൈൻ എന്നീ പ്രവർത്തികൾ ചെയ്യുന്നതിനാണ് ക്വട്ടേഷൻ. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 17 രാവിലെ 11 വരെ.ഫോൺ : 0484 2952949.

# അവാർഡ് തിളക്കത്തിൽ വീണ്ടും ദുബായ്



**ദുബായ്:** ലോകത്തിലെ ഏറ്റവും വലിയ ട്രാവൽ ഗൈഡൻസ് പ്ലാറ്റ്ഫോമായ ട്രിപ്പ് അഡ്വൈസർ 2024ലെ ട്രാവലേഴ്സ് ചോയ്സ് അവാർഡ് തുടർച്ചയായ മൂന്നാം വർഷവും ഈ അവാർഡ് സ്വന്തമാക്കി ദുബായ് നഗരം. 2022 ഒക്ടോബർ 1 മുതൽ 2023 സെപ്റ്റംബർ 30 വരെയുള്ള 12 മാസ കാലയളവിൽ ഓരോ ലക്ഷ്യസ്ഥാനത്തെയും ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, അനുഭവങ്ങൾ എന്നിവയ്ക്കായുള്ള ട്രിപ്പ് അഡ്വൈസർ അവലോകനങ്ങളുടെയും റേറ്റിംഗുകളുടെയും ഗുണനിലവാരത്തിലും അളവിലും അവാർഡ് ഘടകം. ട്രിപ്പ് അഡ്വൈസർ കമ്മ്യൂണിറ്റിയിലെ ദശലക്ഷക്കണക്കിന് ആഗോള സഞ്ചാരികളുടെ അവലോകനങ്ങളെ അടിസ്ഥാനമാക്കി മാത്രം വിജയികളെ തിരഞ്ഞെടുത്തതിനാൽ ഈ അംഗീകാരത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു.സുരക്ഷിതവും എളുപ്പത്തിൽ ആക്സസ് ചെയ്യാവുന്നതുമായ ലക്ഷ്യസ്ഥാനം തേടുന്ന ലോകമെമ്പാടുമുള്ള യാത്രക്കാർ, കുടുംബങ്ങൾ, ആവേശം തേടുന്നവർ മുതൽ ബിസിനസ്സ് സന്ദർശകർ, സാംസ്കാരിക പര്യവേക്ഷകർ വരെയുള്ള എല്ലാ വിഭാഗങ്ങളും ദുബായുടെ വൈവിധ്യമാർന്ന ഓഫറുകൾ സ്വീകരിച്ചു. ഉപഭോക്തൃ ആവശ്യങ്ങളും ട്രെൻഡുകളും കൂടുതൽ വികസിക്കുകയും, ട്രിപ്പ് അഡ്വൈസറിലൂടെയും മറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും നഗരത്തിലെ തന്നെ വിനോദസഞ്ചാരികളിൽ നിന്ന് നേരിട്ട് ലഭിക്കുന്ന ഫീഡ്ബാക്ക് വഴിയും, നഗരത്തിന്റെ ഓഫറുകളിലും സേവനങ്ങളിലും ഉടനീളം ഉയർന്ന നിലവാരം നിലനിർത്താൻ ഞങ്ങൾ തുടർന്നും പ്രവർത്തിക്കും. ഒപ്പം സന്ദർശകർക്ക് ദുബായിൽ സമാനതകളില്ലാത്ത അനുഭവം ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യും.' ദുബായ് കോർപ്പറേഷൻ ഫോർ ടൂറിസം ആൻഡ് കൊമേഴ്സ് മാർക്കറ്റിംഗ് (വിസിറ്റ് ദുബായ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇസ്സാം കാസിം പറഞ്ഞു.ആഡംബരവും താങ്ങാനാവുന്നതുമായ ഹോട്ടലുകളും റെസ്റ്റോറന്റുകളും കൂടാതെ നിരവധി ആകർഷണങ്ങളും പൈതൃകത്തിന് ആദരവ് അർപ്പിക്കുന്ന സാംസ്കാരിക സൈറ്റുകളും ചേർന്ന് ലോകത്തിന്റെ പ്രിയപ്പെട്ട ലക്ഷ്യസ്ഥാനമായുള്ള ആവർത്തിച്ചുള്ള അംഗീകാരം ദുബായ് നഗരത്തിന്റെ ഊർജ്ജസ്വലവും വൈവിധ്യപൂർണ്ണവുമായ ഓഫറുകളുടെ തെളിവാണ്. ദുബായുടെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയിൽ വിനോദസഞ്ചാരം ഒരു പ്രധാന വിഹിതം സംഭാവന ചെയ്യുന്നു.

## യൂത്ത് ഗെയിംസ്: സെലക്ഷൻ ട്രയൽസ് 13ന്

**തിരുവനന്തപുരം:** ചെന്നൈയിൽ വച്ച് നടക്കുന്ന ആറാമത് ഖേലോ ഇന്ത്യാ ഗെയിംസിൽ പങ്കെടുക്കാനുള്ള ആൺകുട്ടികളുടെ ഖോഖോ, പെൺകുട്ടികളുടെ ബാസ്ക്കറ്റ് ബോൾ, വോളിബോൾഅണ്ടർ 18 ടീമുകളിലേയ്ക്കുള്ള സെലക്ഷൻ ട്രയൽസ് ജനുവരി 13ന് രാവിലെ 9 മണിക്ക് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടക്കും. 2005 ജനുവരി ഒന്നിനോ അതിന് ശേഷമോ ജനിച്ചവർക്ക് പങ്കെടുക്കാം. താൽപ്പര്യമുള്ളവർ ജനനസർട്ടിഫിക്കറ്റ്, ആധാർ, സ്കൂൾ/ കോളേജ് ബോണഫൈഡ് സർട്ടിഫിക്കറ്റ്, പ്രസ്തുത കായിക ഇനത്തിലെ മികവ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോകളും സഹിതം ട്രയൽസിന് ഹാജരാകണം.

## പാനലിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** സിഡിറ്റ് അക്കാദമിക് / പരിശീലന പ്രവർത്തികൾക്കും കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പിലേക്കും ഫാക്കൽറ്റി അംഗങ്ങളുടെ പാനൽ രൂപീകരിക്കുന്നതിനുവേണ്ടി യോഗ്യരായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് www.cdit.org/careerസന്ദർശിക്കുക. ഓൺലൈൻ അപേക്ഷകൾ http://bit.ly/3RMdZe2 വഴി സമർപ്പിക്കണം. അവസാന തീയതി ജനുവരി 31.

# മാസ്റ്റേഴ്സ് ഗെയിംസ്: ഷട്ടിൽ ബാഡ്മിന്റൺ മത്സരങ്ങൾക്ക് തുടക്കം

- 22 ഇനങ്ങളിലായി മൂവായിരത്തോളം കായികതാരങ്ങൾ മാറ്റുരയ്ക്കും
- 30 വയസ് മുതൽ 100 വയസ് വരെയുള്ളവർ മേളയിൽ പങ്കെടുക്കും



**കൊച്ചി:** അഞ്ചാമത് സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസിന്റെ ഭാഗമായുള്ള ഷട്ടിൽ ബാഡ്മിന്റൺ മത്സരങ്ങൾക്ക് തുടക്കമായി. രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഉമതോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രായമേറിവരുന്ന സന്ദർഭത്തിൽ ഇത്തരം കായിക വിനോദങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെന്ന് അവർ പറഞ്ഞു. ഓർഗനൈസിംഗ് സെക്രട്ടറി ഷെനു ഗോപാൽ അധ്യക്ഷത വഹിച്ചു.വിവിധ ജില്ലകളിൽ നിന്നായി 30 മുതൽ 100 വയസ് വരെ പ്രായമുള്ളവരാണ് മത്സരത്തിൽ പങ്കെടുക്കുന്നത്.അഞ്ചാമത് സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് ഇന്ന് രാവിലെ 9 മണിക്ക് മഹാരാജാസ് ഗ്രൗണ്ടിൽ ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. 22 ഇനങ്ങളിലായി മൂവായിരത്തോളം കായികതാരങ്ങൾ മാറ്റുരയ്ക്കും. 30 വയസ് മുതൽ 100 വയസ് വരെയുള്ളവർ മേളയിൽ പങ്കെടുക്കും. വിജയികളാകുന്നവർക്ക് ഫെബ്രുവരിയിൽ ഗോവയിൽ നടക്കുന്ന ദേശീയ മാസ്റ്റേഴ്സ് ഗെയിംസിൽ പങ്കെടുക്കാം. ദേശീയ ഗെയിംസിൽ വിജയിക്കുന്നവർ 2025 ൽ തായ്പേയിൽ നടക്കുന്ന ലോക മാസ്റ്റേഴ്സ് ഗെയിംസിന് യോഗ്യത നേടും. മുൻ ഒളിമ്പ്യന്മാർ, അർജുന അവാർഡ് ജേതാക്കൾ, അന്തർദേശീയ, ദേശീയ താരങ്ങൾ ഉൾപ്പെടെയുള്ളവർ നാല് ദിവസമായി നടക്കുന്ന ഗെയിംസിൽ പങ്കെടുക്കും. മാസ്റ്റേഴ്സ് ഗെയിംസ് അസോസിയേഷൻ കേരളയാണ് സംഘാടകർ.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663